ലക്കം–27/മാർച്ച്, 2015

# ഫാവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# വിജയീ ഭവഃ

## ആമുഖം

പരീക്ഷകളുടെ മാസമാണ് മാർച്ച്. എല്ലാ തയ്യാറെടുപ്പുകളും നടത്തി വിജയത്തിലേയ്ക്കു കുതിക്കുവാൻ വെമ്പുന്ന എല്ലാവരും ഈ കടമ്പ കടക്കുവാൻ നിർബന്ധിതരാണ്. ജീവിത യാത്രയിൽ ചെറുതും വലുതുമായ എത്രയോ പരീക്ഷകളെ നാം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. ഈ യാത്രയിൽ തളരാതെ മുന്നേറുവാൻ സാധ്യമായാൽ മാത്രമേ ജീവിത വിജയം പ്രാപിക്കുവാൻ നമുക്കാവൂ.

കലിയുഗത്തിന്റെ അന്തിമ പാദത്തിലൂടെ കടന്നു പോകുമ്പോൾ പ്രശ്നങ്ങൾ നമ്മെത്തേടിയെത്തുക പുത്തരിയല്ല. വിഘ്നങ്ങൾ വിജയമാണെന്ന കരുതൂ എന്ന് പഠിപ്പിച്ച എന്റെ അധ്യാപികയെ സ്മരിച്ചു കൊണ്ടു പറയട്ടെ, ജീവിതയാത്രയിലെ ഓരോ വിഘ്നങ്ങളും എന്നെ കൂടുതൽ കൂടുതൽ ശക്തനാക്കിയിട്ടേ ഉള്ളൂ. വിഘ്നങ്ങളെ അഭിമുഖീകരിക്കുവാനുള്ള ശക്തിയാണ് നാം നേടേണ്ടത്. അതു നേടുവാൻ സർവ്വ ശക്തനായ, പരമ പിതാവുമായി നമുക്ക് കൂട്ടുകൂടേണ്ടിയിരിക്കുന്നു. "നിങ്ങൾ അശക്തരായിരിക്കാം, പക്ഷേ, സർവ്വ ശക്തനായ ഞാൻ നിങ്ങളോടൊപ്പമുണ്ടെന്ന് മറക്കുന്നതെന്തേ?" എന്ന ഈശ്വരീയ മഹാവാക്യം ഇന്നും എന്റെ കാതിൽ വ്യക്തമായി മുഴങ്ങുന്നുണ്ട്. ബ്രഹ്മാകുമാരീസിൽ ഉപയോഗിക്കുന്ന ഒരു ഈശ്വരീയ വചനമുണ്ട്, "മക്കളേ, നിങ്ങൾ നിശ്ചിന്തരായിരിക്കൂ, ഞാനിവിടെയുണ്ട്". ഇതു പകരുന്ന കരുത്ത് ചെറുതൊന്നുമല്ല. ഞാൻ നിമിത്തമാണ്, ഈശ്വരന്റെ കയ്യിലെ ഉപകരണമാണ് എന്ന ബോധം എത്രത്തോളം നമ്മിൽ ഉറയ്ക്കുന്നുവോ, അത്രയും പ്രശ്നങ്ങൾ ചെറുതായി മാറും. അവയെ അതിജീവിക്കുവാനുള്ള വഴി നമ്മുടെ മുന്നിൽ സ്വയമേവ തെളിയും. ഈ ജീവന കല നമുക്ക പഠിക്കേണ്ടിയിരിക്കുന്നു, ജീവിതത്തിൽ പ്രയോഗത്തിൽ കൊണ്ടു വരേണ്ടിയിരിക്കുന്നു. കുറച്ചു കാലത്തെ നിരന്തര അഭ്യാസം അതിനു നമുക്ക് ആവശ്യമാണ്. ജീവിതയാത്രയിലെ ഒരു താളു കൂടി നിവർത്തിക്കാട്ടി ഇതു വ്യക്തമാക്കാം.

ഒരിക്കൽ ഒരു തീവണ്ടി യാത്രാമദ്ധ്യേയാണ് ഈ സംഭവം നടന്നത്. ഞങ്ങളുടെ കമ്പാർട്ട്മെന്റിൽ എന്നോടൊപ്പം ഉണ്ടായിരുന്നത് ഗവേഷണ വിദ്യാർത്ഥികളായ മൂന്നു പെൺകുട്ടികൾ, പട്ടാളത്തിലെ ഒരു എഞ്ചിനീയർ, ഒരു മാർവാഡി കുടുംബം. മുസ്ലീം മതസ്ഥരായ ആ വിദ്യാർത്ഥികളിൽ രണ്ടു പേർ തങ്ങളുടെ മതമാണ് മഹത്തെന്നും എല്ലാം ഈശ്വര നിശ്ചയം അനുസരിച്ചാണ് നടക്കുന്നതെന്നും ഒക്കെ ഖുറാനെ ഉദ്ധരിച്ച് പറയുകയും മറ്റേ കുട്ടിയും എഞ്ചിനീയറും അവരുടേതായ വാദമുഖങ്ങൾ നിരത്തുകയും ചെയ്യുന്നതോടെ ചർച്ചയ്ക്ക് ചൂടുപിടിച്ചു. മതപരമായ വിഷയങ്ങളിൽ ഞാൻ തർക്കങ്ങൾക്ക് പോകാറില്ലാത്തതു കൊണ്ട് ഞാൻ വെറും കേഴ്‌വിക്കാരനായി ഇരുന്നതേ ഉള്ളൂ. പെട്ടെന്നാണ് അത് സംഭവിച്ചത്. മുകളിലത്തെ ബർത്തിൽ കിടത്തിയിരുന്ന മാർവാഡിയുടെ കഷ്ടിച്ച് 6 മാസം പ്രായമുള്ള കുഞ്ഞ് താഴേയ്ക്കു വീണു. 'ഡോ' എന്ന ആ ശബ്ദം കേട്ട് എല്ലാവരും ഞെട്ടി. പെൺകുട്ടികൾ മൂന്നുപേരും പൊട്ടിക്കരഞ്ഞു. അന്തരീക്ഷം ആകെ ശോകമൂകമായി. കുഞ്ഞ് നിർത്താതെ നിലവിളിച്ചു. ഭാഗ്യത്തിന് മുറിവൊന്നും പറ്റിയില്ല. ഞാൻ പെട്ടി തുറന്ന് മരുന്നെടുത്ത് എഞ്ചിനീയറുടെ കയ്യിൽ കൊടുത്തിട്ട് പറഞ്ഞു, ഇത് കുട്ടിയുടെ അമ്മയെ ഏല്പിക്കൂ, അതിനു കൊടുക്കുവാൻ പറയൂ. മരുന്നു കഴിച്ച് നിമിഷങ്ങൾക്കകം കുട്ടി ഉറക്കമായി. അന്തരീക്ഷം വീണ്ടും പൂർവ്വ സ്ഥിതിയിലെത്തിയപ്പോൾ, എഞ്ചിനീയർ എന്നോടു ചോദിച്ചു, "ഒരു സംശയം ചോദിക്കട്ടെ, ഇത്രയും വലിയ അത്യാഹിതം ഉണ്ടായിട്ടും ഡോക്ടറുടെ മുഖത്തെന്താ ഒരു ഭാവ വ്യത്യാസവും കാണാതിരുന്നത്?''. പുഞ്ചിരിച്ചു കൊണ്ടു ഞാൻ പറഞ്ഞു, "നിങ്ങൾ പറഞ്ഞു കൊണ്ടിരുന്നത്, ഈശ്വരേച്ഛ നിറവേറുന്നു എന്നത് ഞാൻ പ്രയോഗത്തിൽ കൊണ്ടു വന്നു നോക്കി അത്രേ ഉള്ളൂ."

ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിലെ പഠനം നമുക്ക് പകർന്നു നൽകുന്ന കരുത്താണിത്. പുസ്തകങ്ങളിലെ അറിവ് മസ്തിഷ്കത്തിൽ കുത്തിനിറച്ച് വ്യാഖ്യാനിക്കാനും തർക്കിക്കാനുമുള്ളതല്ല, മറിച്ച് പ്രായോഗിക ജീവിതത്തിൽ അനുവർത്തിക്കുവാനുള്ളതാണ്. അപ്പോൾ മാത്രമേ അതുകൊണ്ടു പ്രയോജനമുള്ളൂ. അവിടെ വിജയം നിങ്ങളുടെ ജന്മസിദ്ധ അധികാരമാണെന്ന യഥാർത്ഥ അനുഭവം നിങ്ങൾക്കുണ്ടാകും.

ഈയിടെ കേട്ട ഒരു ഹിന്ദി ഗാനത്തിന്റെ ഈരടി ഇത്തരത്തിൽ എനിക്ക് ഓർമ്മ വരുകയാണ്, "പ്രശ്നങ്ങൾ വലുതാണെന്ന് ഈശ്വരനോട് പറയുകയല്ല വേണ്ടത്, പകരം പ്രശ്നങ്ങളോട് പറയൂ നിങ്ങളെക്കാളും വലുതാണ് എന്നോടൊപ്പമുള്ള എന്റെ സർവ്വ ശക്തനായ ഈശ്വരൻ". സദാ വിജയീ ഭവഃ



# താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ........................................................................................................ ദാദി ജാനകി

സേവനം..........................................................................................ബി. കെ. അനില, തിരുവനന്തപുരം

ബീജരൂപൻ..........................................................................................ജി.ബാലചന്ദ്രൻ,തിരുവനന്തപുരം.

നന്മയുടെ കിരണങ്ങൾ..........................................................................മാമ്പള്ളി ജി.ആർ. രഘുനാഥ്

ശ്രദ്ധ.................................................................................................................കൃഷ്ണനുണ്ണി, പാലക്കാട്

ക്ഷമാശീലം...........................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ജ്യോതിഷവും ദോഷപരിഹാരങ്ങളും.................................................ബി. കെ. അനിൽ, തിരുവനന്തപുരം

പരിണാമസിദ്ധാന്തം.................................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

സന്തുഷ്ടത........................................................................................................ബി.കെ. ജഗദീഷ്ചന്ദർ



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

**സന്തുലനം നിലനിർത്തുന്നവർ ബന്ധങ്ങളിൽ വിജയികളാകുന്നു.**

**ഇന്ന് എല്ലാ കർമ്മങ്ങളിലും സന്തുലനം പാലിക്കും, ഇതിലൂടെ ബന്ധം എങ്ങനെ സഹജമാകുമെന്നും മററുള്ളവരുടെ അനുഗ്രഹം പ്രാപ്തമാകുമെന്നും ശ്രദ്ധിക്കും. അപ്പോൾ ചെയ്യുന്ന എല്ലാ കർമ്മങ്ങളിലും വിജയം അനുഭവം ചെയ്യുകയും ആനന്ദം നിറഞ്ഞ ഒരു ജീവിതം ആസ്വദിക്കുകയും ചെയ്യും.**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.

# സേവനം

ബി.കെ. അനില

സുഖസൗകര്യങ്ങളോടെ ജീവിക്കാൻ ആഗ്രഹിക്കുന്ന സാമൂഹ്യ ജീവിയാണല്ലോ മനുഷ്യൻ. ലോകത്തിൽ, ഒരു ഭാഗത്ത് സുഖം ആഗ്രഹിച്ച് അതിനെ ലക്ഷ്യമാക്കി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന ചിലർ. മറുഭാഗത്ത് സുഖവും സന്തോഷവും, ശാന്തിയുമെല്ലാം ജീവിതത്തിൽ നിന്നും തുടച്ചുമാറ്റപ്പെട്ട ചിലർ. മറ്റുള്ളവർ കഷ്ടപ്പെടുമ്പോൾ അവരെ ആശ്വസിപ്പിക്കാനും രക്ഷിക്കാനുമുള്ള കടമ സഹജീവികളായ മനുഷ്യർക്കുണ്ട്. ഈ കടമ നിറവേറ്റലാണ് സേവനം. പ്രതിബന്ധങ്ങളെ തരണം ചെയ്യാനും, ശുഭാപ്തിവിശ്വാസം നഷ്ടപ്പെടാതെ ജീവിതത്തിൽ മുന്നേറാനും മറ്റുള്ളവരെ സഹായിക്കുന്ന മനുഷ്യർ സമൂഹത്തിന്റെ താങ്ങും തണലുമാണ്. ദുരിതത്തിൽ പെട്ട് ദുഃഖിക്കുന്ന ഒരാൾക്ക് സ്നേഹം നിറഞ്ഞ വാക്കും, കരുണ നിറഞ്ഞ ദൃഷ്ടിയും സഹായവും ലഭിക്കുന്നത് എത്ര ആനന്ദമയമായ അനുഭവമാണ്! ഒരാൾക്ക് തന്റെ പ്രവൃത്തികളിലൂടെ അന്യർക്ക് ആശ്വാസം പകരാനും അവരുടെ ഹൃദയത്തെ സ്പർശിക്കാനും കഴിഞ്ഞാൽ ആ വ്യക്തി എത്ര മഹാനാണ്!

പരസഹായം ചെയ്യുന്നതിന് എത്ര ത്യാഗം ചെയ്യാനും സന്നദ്ധനായ രന്തിദേവന്റെ ഒരു കഥയുണ്ട്. നാട്ടിൽ വലിയ ക്ഷാമമുണ്ടായപ്പോൾ രന്തിദേവനും പത്നിയും രാജ്യം വിട്ട് ദേശാടനത്തിന് പുറപ്പെട്ടു. ദിവസേന കിട്ടുന്ന ഭിക്ഷയായിരുന്നു അവരുടെ അന്നന്നുള്ള ആഹാരം. ഒരു ദിവസം കിട്ടിയ ഒരു പിടി അരി കഞ്ഞിവച്ച് കുടിക്കുവാൻ തുടങ്ങുമ്പോൾ വിശന്നു തളർന്ന ഒരു ബ്രാഹ്മണൻ കുറച്ച് ആഹാരം തന്ന് സഹായിക്കുവാനായി അഭ്യർത്ഥിച്ചു. രന്തിദേവൻ ആ കഞ്ഞിയിൽ പകുതി ആ ബ്രാഹ്മണന് കൊടുത്തു. ബാക്കിയുള്ളത് കഴിക്കുവാൻ തുടങ്ങുമ്പോൾ ഒരു നായാട്ടുകാരൻ ഒരു നായയുമായി അവിടെ എത്തി. അയാളും ആഹാരത്തിനുവേണ്ടി അപേക്ഷിച്ചതനുസരിച്ച് അയാൾക്കും ആ നായയ്ക്കും ഉണ്ടായിരുന്നതിൽ പകുതി ആഹാരം നൽകിയശേഷം വീണ്ടും കഴിക്കാനൊരുങ്ങി. അപ്പോൾ ഒരു ഹീനജാതിക്കാരൻ വിശന്ന് തളർന്ന് അവരെ സമീപിച്ചു. അവശേഷിച്ച ഒരു കുമ്പിൾ കഞ്ഞിയുണ്ടായിരുന്നത് അയാൾക്ക് കൊടുത്തു. ആ കുമ്പിൾ കഞ്ഞി കുടിച്ചപ്പോൾ അയാൾക്ക് ഉണ്ടായ ആനന്ദം കണ്ട് രന്തിദേവൻ അതിയായി സന്തോഷിച്ചു. രന്തിദേവൻ ഈശ്വരനോട് ഇങ്ങനെ പ്രാർത്ഥിച്ചു– “ഭഗവാനേ, അഷ്ടൈശ്വര്യങ്ങൾ ചേർന്ന ഈശ്വരപദം ഞാൻ ആഗ്രഹിക്കുന്നില്ല, ജനന–മരണങ്ങളിൽ നിന്നും മോചനവും അപേക്ഷിക്കുന്നില്ല. സമസ്തരുടെയും ദുഃഖഭാരം കൈയ്യേൽക്കുന്നതിന് എന്നെ അനുഗ്രഹിച്ചാലും . അവരുടെ ദുഃഖം ഏറ്റെടുക്കുന്നതുകൊണ്ട് അവർ ദുഃഖമില്ലാത്തവരായിത്തീരുമല്ലോ ”.

ത്യാഗപൂർണ്ണ സേവനം അന്യർക്ക് ആനന്ദം നൽകുന്നു. സേവനം, വാക്കുകൾ കൊണ്ടും, പ്രവൃത്തി കൊണ്ടും, മനസ്സുകൊണ്ടും, ധനംകൊണ്ടുമെല്ലാം ചെയ്യാൻ കഴിയും. വാസ്തവത്തിൽ ഇതിന്റെ ഉപയോഗം സേവനമനോഭാവമടങ്ങിയതാക്കി മാറ്റണം. അതിന് ആദ്യമായി വേണ്ടത് സന്മനസ്സാണ്. സന്മനസ്സുള്ളവരിൽ നിന്നും ഉദാത്തമായ സേവനം സ്വതവേ ഉണ്ടാകുന്നു. വാക്കുകൾ കൊണ്ടും, പ്രവർത്തികൾ കൊണ്ടും മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കുക, പരദൂഷണം പറയാതിരിക്കുക, ദയാഹൃദയരായിരിക്കുക, നിസ്വാർത്ഥരായിരിക്കുക– ഇതെല്ലാം സന്മനസ്സിന്റെ ലക്ഷണങ്ങളാണ്. സന്മനസ്സോടെയുള്ള സേവനം മഹാപുണ്യമാണ്. ദുഃഖത്തിലും അശാന്തിയിലും വേദനിക്കുന്ന ഹൃദയങ്ങൾക്ക് ആശ്വാസവും സന്തോഷവും പകർന്നുകൊടുക്കുന്ന സേവനയോഗ്യർക്ക് അനേകം പേരുടെ ആശീർവ്വാദങ്ങളും ലഭിക്കുന്നു.

ലോകത്തിലുള്ള ഏതൊന്നും മറ്റുള്ളവയിൽ ആശ്രിതമോ, മറ്റുള്ളവയുമായി ബന്ധപ്പെട്ടിരിക്കുകയോ ചെയ്യുന്നു. അതിനാൽ ലോകത്തിൽ ഏതെങ്കിലും ഒന്നിനെ ബാധിക്കുന്ന കാര്യം മറ്റനേകത്തിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു, ഒരു നദിയി

# ബീജരൂപൻ

ജി. ബാലചന്ദ്രൻ, തിരുവനന്തപുരം.

ഏകമാണീശ്വരൻ ഏകനാണീശ്വരൻ
ഏകാന്ത വാസിയാം വിശ്വനാഥൻ
ചിത്രമില്ലാത്ത വിചിത്രനാണെങ്കിലും
ചിത്തം കവരുന്ന വിശ്വേശരൻ
വിശ്വം തിരിക്കുന്ന വിശ്വേശരൻ

സത്തിന്റെ സത്തായ മുത്താണതീശ്വരൻ
സത്ചിതാനന്ദനാം സത് സ്വരൂപൻ–
കരുണതൻ സാഗരൻ ജ്ഞാനയോഗേശ്വരൻ
കല്പാന്തകാലമവതരിപ്പോൻ

ഈ വിശ്വനാടകനായകനീശ്വരൻ
സൃഷ്ടിവൃക്ഷത്തിന്റെ ബീജരൂപൻ
മണ്ണിനെ പൊന്നാക്കി മാറ്റുന്ന മാന്ത്രികൻ
മർത്യനെ ദേവതയാക്കീടുന്നോൻ

ഭാരങ്ങളെല്ലാമെടുത്തുകൊണ്ടും
ഭാരതം നെഞ്ചേറ്റിവച്ചുകൊണ്ടും
ഭാരരഹിതനായ് നർത്തനമാടുന്നു
ഭാവഭേതങ്ങളില്ലാത്ത നാഥൻ.

ലേയ്ക്ക് ഒരു കല്ലെടുത്ത് എറിയുമ്പോൾ അത് അനേകം ഓളങ്ങൾ ഉടലെടുക്കാൻ കാരണമാകുന്നതു പോലെ. അതിനാൽ ഒരാൾ ചെയ്യുന്ന നന്മയാകുന്ന സേവനത്തിന്റെ നന്മയുടെ അലകൾ ഒരാളിലേയ്ക്കല്ല, അയാളുമായി ബന്ധപ്പെട്ടവയിലേയ്ക്കും കൈമാറ്റം ചെയ്യപ്പെടുന്നു. അതുപോലെ തന്നെയാണ് തിന്മയുടെ കാര്യവും. ഒരാളോട് ചെയ്യുന്ന തിന്മയും ഒരു വ്യക്തിയെ മാത്രമായല്ല ബാധിക്കുന്നത്, അനേകരിലേക്ക് അതിന്റെ പ്രഭാവം ഉണ്ടാകും. അതിനാൽ നമ്മൾ ഒരാളോട് ചെയ്യുന്ന നന്മയോ തിന്മയോ വാസ്തവത്തിൽ ഒരാളോടല്ല, അനേകരോടാണ് ചെയ്യുന്നത്. അതിനനുസരിച്ച് പാപമോ പുണ്യമോ ആയ പ്രവർത്തിയുടെ ദുഷ്ഫലവും സത്ഫലവും പല മടങ്ങായി മാറുന്നു. ലോകം ഒരു കുടുംബമാണെന്നും, സഹജീവികൾക്ക് സഹയോഗം നൽകുക എന്നത് നാമോരോരുത്തരുടെയും കടമയാണെന്നും മനസ്സിലാക്കി മുന്നോട്ട് പോകുമ്പോൾ നമ്മൾ ചെയ്യുന്ന സേവനമെന്ന പുണ്യം അതായത് നമ്മുടെ ചിന്തയും വാക്കും പ്രവർത്തിയും അന്യർക്ക് സുഖത്തിന്റെയും ശാന്തിയുടെയും സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും അമൃതം പകർന്നുനൽകും.

# നന്മയുടെ കിരണങ്ങൾ

മാമ്പള്ളി ജി.ആർ. രഘുനാഥ്.

ജീവിതത്തിൽ സുഖവും സന്തോഷവും നേടാനുള്ള വഴികൾ മനുഷ്യർ സ്വയം തേടിയെത്തുകയാണ് പതിവ്. അതിനുവേണ്ടി മറ്റു പലരുടെയും ഉപദേശങ്ങൾ അവർ നേടിയെന്നും വരും. പക്ഷെ ആ വഴികളെല്ലാം പരമമായ അഥവാ ശ്രേഷ്ഠ വഴികളാകണമെന്നില്ല. മാനവർ എല്ലാം ദുഖ സാഗരത്തിൽ മുങ്ങി കുളിക്കുമ്പോൾ ഭഗവാൻ അവരെ രക്ഷിക്കാനായി അവതരിക്കുന്നു. പരമ സത്യമായ ഈ കാര്യം ഭഗവത് ഗീതയിലും മറ്റ് പല പുരാണകൃതികളിലും ഋഷിവര്യന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

നന്മയുടെ കിരണങ്ങൾ എവിടെ നിന്നോ വരുന്നത് അറിയാൻ വിവേകം പ്രവർത്തിക്കണം. അത് ശക്തിശാലിയാകണം. എങ്കിൽ പോലും തിന്മകൾ വിവേകത്തെ ഇല്ലായ്മ ചെയ്തേക്കാം. കാരണം കാലം തിന്മയുടെതാണ്. ഈശ്വരൻ സർവ്വശക്തനെന്ന് പറയാറുണ്ട്. ആ ചൊല്ല് അനുഭവിച്ചറിയാൻ, അതിന്റെ ആനന്ദം നുകരാൻ സാത്വികത ഇച്ഛിക്കുന്ന ആർക്കും കഴിയും. അങ്ങനെ ഒരു വേളയാണ് ഇന്ന് ലോകത്ത് നിലനിൽക്കുന്നത്. അത് വളരെ ശുഭസൂചകമാണ്. മാർച്ച് 9 ന് മുമ്പ് ആബുവിലെത്തിയ എനിക്ക് അത് കൂടുതൽ ബോധ്യപ്പെട്ടു.

പ്രതിലോമശക്തിയെ തകർത്തുകൊണ്ട് അനുലോമ ശക്തിയുടെ വിജയം ഏവരെയും സന്തോഷ ഭരിതരാക്കും. രാജസ്ഥാൻ മണലാരണ്യമാണെന്ന ചൊല്ലുണ്ട്. അത്തരം മണലാരണ്യത്തിലെ മലർവാടിയായി നിലകൊള്ളുകയാണ്. ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം മരുഭൂമിയിലെ മരുപച്ച പോലെ ആനന്ദദായകമാണീ പുണ്യ സങ്കേതം. ലക്ഷോപലക്ഷം മനുഷ്യാത്മാക്കളെ ഉണർവ്വിന്റെയും ഉന്മേഷത്തിന്റെയും പാതയിലേയ്ക്ക് നയിക്കുന്ന ദിവ്യ കർത്തവ്യത്തിന് കാരണഭൂതൻ ആരാണ് എന്ന് അന്വേഷിക്കുന്നവർക്ക് ഉത്തരമായി ലഭിക്കുന്നത് 1936 ൽ കറാച്ചിയിൽ സംഭവിച്ച ഒരു സംഭവമായിരിക്കും. ബ്രഹ്മാവിന്റെ ലലാടത്തിലൂടെ ശിവൻ പ്രത്യക്ഷനായി എന്ന പുരാണ ഗ്രന്ഥങ്ങളിലെ പരാമർശവും ഋഷഭാരൂഢനായ ശിവന്റെയും രഹസ്യങ്ങളാണ് ഇവിടെ ചുരുളഴിയുന്നത്.

കവികളും കലാകാരന്മാരും വിഭാവം ചെയ്തിരുന്നതിനപ്പുറത്തേയ്ക്ക് ലോകത്തിന്റെ ഗതി പോയ്ക്കൊണ്ടിരിക്കുന്നു. ഒരു പക്ഷെ അമേരിക്കൻ പ്രസിഡന്റ് ഒബാമ ഇന്ത്യയിൽ വന്നതു കൊണ്ടോ, ശ്രീ. നരേന്ദ്ര മോധി ഇന്ത്യൻ പ്രധാനമന്ത്രി ആയതുകൊണ്ടോ മാത്രമല്ല. മറിച്ച് ഈ സംഭവ വികാസങ്ങൾക്കെല്ലാം ആത്മീയമായി ഒരു പരമ ശക്തിയുടെ സാന്നിധ്യം ഈ ഭൂവിൽ പ്രവർത്തിച്ച് വരുന്നു എന്നത് സംശയാതീതമായി തെളിഞ്ഞിരിക്കുന്നു.

സങ്കല്പത്തിനും ശുഭാപ്തി വിശ്വാസത്തിനും ശക്തിയുണ്ടെന്ന് തെളിയിച്ചുകൊണ്ട് വിശ്വാസത്തിൽ ഒരു വിപ്ലാവാത്മകമായ ഒരു പരിവർത്തനം സൃഷ്ടിച്ചുകൊണ്ട് തന്നെയാണ് രാജസ്ഥാനിലെ മൗണ്ട് ആബുവിലെ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം നിലകൊള്ളുന്നതെന്ന് അനവധി സന്യാസി വര്യന്മാരും രാഷ്ട്രീയ നേതാക്കളും വിശിഷ്ടവ്യക്തികളും പറഞ്ഞു വെച്ചിട്ടുണ്ട്. ആ അത്ഭുതാനുഭവം കണ്ട് ബോധ്യപ്പെടുവാൻ ഏതൊരു സാധാരണക്കാരനും കഴിയുമെന്നതിൽ സംശയമേയില്ല. പരിവർത്തനയുഗമാണ് കടന്നു പോയ്ക്കൊണ്ടിരിക്കുന്നതെന്ന് പുറം കണ്ണ് കൊണ്ട് പോലും മനസ്സിലാക്കാൻ പ്രയാസമില്ല.

നിയമങ്ങളും മര്യാദകളും ഇതിന്റെ മാറ്റ് വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. കാലത്തിനോ രാഷ്ട്രത്തിനോ തടയാൻ കഴിയാത്ത സാംസ്ക്കാരിക മാറ്റമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നത് ഭാരതത്തിന്റെ മഹിമ ഉച്ചൈസ്തരം ഉത്ഘോഷിപ്പിക്കുന്നത് തന്നെയാണ്.

ഈ സംഭവ വികാസങ്ങളുടെ പരിചയം നല്കുന്നതിൽ ഹവിസ്സും വിജയിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ടും വിദ്യാലയത്തിന്റെ എളിയ സേവകനാകാൻ കഴിയുന്നുവെന്നത് മഹാ ഭാഗ്യമായി വിശ്വസിച്ചുകൊണ്ടും അതിന് വഴിയൊരുക്കിയ സുപ്രീം ശക്തിയെ നന്ദി പൂർവ്വം സ്മരിച്ചുകൊണ്ടും ഈ വരികൾ ചുരുക്കട്ടെ.

# ശ്രദ്ധ

കൃഷ്ണനുണ്ണി, പാലക്കാട്

മനുഷ്യ ബന്ധങ്ങളുടെ മൂല്യമെന്താണ്? എന്താണ് മനുഷ്യനിലുണ്ടായിരിക്കേണ്ട നീതിയുക്തത? പ്രപഞ്ചത്തിലെ മറ്റു ചരാചരങ്ങൾക്കും ഇതെല്ലാം ബാധകമല്ലേ! പ്രപഞ്ചത്തിലെ മറ്റു സചേതന മായവയെല്ലാം തന്നെ അതാതിന്റെ നീതി പാലി ക്കുകയും നിറവേറ്റുകയും ചെയ്യുന്നുണ്ട്. പാലി ക്കപ്പെടേണ്ട നീതിയെക്കുറിച്ച് ചിന്തിക്കേണ്ടത് മനുഷ്യനു മാത്രമാണ്. എന്ത്? എന്തുകൊണ്ട്? ചിന്തിച്ചാൽ നമുക്ക് തന്നെ ഉത്തരമുണ്ടാകും. മറ്റ് എല്ലാ ജീവജാലങ്ങൾക്കും പ്രകൃതി നൽകിയ സഞ്ചാരപഥമുണ്ട്. അവ എവിടെയും ലംഘിക്ക പ്പെടുന്നില്ല. മനുഷ്യൻ മാത്രമാണ് സ്വന്തം ജീവിതം സ്വയം നിർണ്ണയിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നത്. അവൻ കൂട്ടമായതോടെ കൂട്ടത്തിന്റെ താല്പര്യങ്ങളും സുഖങ്ങളും സുഖമില്ലായ്മകളും മനുഷ്യനെ ബാധിക്കാൻ തുടങ്ങി. അന്നു മുതൽ മനുഷ്യൻ തന്റെ കർമ്മങ്ങളിൽ പാലിക്കേണ്ട അച്ച ടക്കവും മര്യാദയും മറ്റുള്ളവർ നിർവ്വഹിക്കാൻ തുടങ്ങി. അങ്ങനെ മനുഷ്യൻ സംസ്ക്കാര സമ്പ ന്നൻ എന്ന അന്തസ്സ് നൽകികൊണ്ട് സ്വയം മറ്റ് ജീവജാലങ്ങളിൽ നിന്ന് അവനെ മാറ്റി നിർത്താൻ തുടങ്ങി. അവിടം മുതൽ മനുഷ്യ ബന്ധങ്ങളിൽ പാലിക്കേണ്ട നീതി യുക്തതയുടെ പ്രസക്തി ഉണ്ടാകുന്നു. അവനവനോട് നീതി കാണിക്കു മ്പോൾ അത് മറ്റുള്ളവരോടുള്ള അനീതി കാണി ക്കുന്നതിനുള്ള സാധ്യത ഏറെയാണ്. മറ്റുള്ള വരോട് അനീതി കാണിക്കാതിരിക്കുക എന്നത് മാത്രമാണ് മനുഷ്യനെ ആധികാരികമാക്കുന്നത്. തന്റെ ഇഷ്ടങ്ങൾ തനിക്കൊപ്പമുള്ളവർക്ക് ഇഷ്ട മായില്ലായെങ്കിലും അയാളുടെ അനിഷ്ടമെങ്കിലും ആകാതിരിക്കുക എന്നുള്ളതാണ് മറ്റു മാർഗ്ഗം. തന്നെ മാറ്റി നിർത്തി തന്റെ സഹജീവിയുടെ സുഖത്തിന് വേണ്ടി കർമ്മം അനുഷ്ടിക്കുകയും അതിൽ ആനന്ദമരുളുകയും ചെയ്യുക എന്നത് മഹത്തരമാണ്. അവനവനെ ഒരു വൃത്തത്തിൽ നിർത്താതെ തന്റെ കൂടപ്പിറപ്പുകളോടും മക്കളോ ടും ഇണയോടും മിത്രങ്ങളോടും തീർത്ത ആ വൃത്തം വലുതാക്കുകയും അതിലും ഉപരിയായി മനസ്സിനെ മൊത്തമായും ആ വൃത്തത്തിൽ കൊണ്ടു വരുന്ന ഒരാൾക്ക് മാത്രമാണ് മനുഷ്യ സ്നേഹം എന്ന വിശേഷണം ചേരുന്നുള്ളൂ. അങ്ങനെ തന്നോടും തന്റെ സഹജീവികളോടും കൂട്ടു നിൽക്കുന്നവൻ പാലിക്കേണ്ട ഒന്നാണ് ശ്രദ്ധ.

ശ്രദ്ധ എന്നത് വികാരമോ, വിചാരമോ, മാനസ്സിക മൂല്യമോ അല്ല. അത് ശരീരത്തിന്റെ ദൈവീക മായ ഒരവസ്ഥയാണ്. ഉണർന്നിരിക്കുക എന്ന് പറയുന്നതുപോലെയുള്ള ഒരവസ്ഥ. ശ്രദ്ധ ഉണ്ടാ യിരിക്കുക എന്നത് മനുഷ്യനിൽ ഉണ്ടാകേണ്ട ശ്രദ്ധ എന്ന ഭാവത്തിലുപരി അതിൽ ഒരു നിഷ്ക ളങ്കതയുണ്ട്. ശ്രദ്ധ കൈവിട്ടു പോകുന്ന അവ സ്ഥയിൽ എപ്പോഴും അതിനെ വീണ്ടെടുത്തുകൊ ണ്ടിരിക്കണം. മറ്റൊരാളുടെ ജീവിതത്തെക്കുറിച്ച് വിധി നിർണ്ണയം ചെയ്തുകൊണ്ട് പാലിക്കേണ്ട ഒന്നല്ല ശ്രദ്ധ. ശ്രദ്ധ നിഷ്കളങ്കവും കരുണയു മുള്ള മനസ്സിൽ നിന്നും ഓരോ നിമിഷങ്ങളിലും അടുത്ത നിമിഷങ്ങളിലേയ്ക്ക് പകർന്ന് പകർന്ന് പാലിക്കേണ്ട ഒരു ഊർജ്ജം പോലെയാണ് ശ്രദ്ധ. മറ്റൊന്നിനെ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നിതാന്തമായി നില നിർത്തേണ്ടതാണ്. ഒരു പ്ലാസ്റ്റിക്ക് കഷണം മണ്ണിലേയ്ക്ക് വലിച്ചെറി ഞ്ഞാൽ ആ കഷണം നമ്മുടെ പ്രകൃതിയെ തന്നെ ഇളക്കി മറിക്കുന്നു. ആ പ്രവൃത്തിയെ തടയുക എന്നതാണ് ശ്രദ്ധ. കൈ കഴുകാനായി ടാപ്പ് തുറക്കുന്ന സമയത്ത് കഴുകി കഴിഞ്ഞാൽ ടാപ്പ് അടയ്ക്കാനുള്ള ശ്രദ്ധ, മുറിക്കകത്ത് കേറു മ്പോൾ ലൈറ്റും ഫാനും ഓൺ ചെയ്യുന്നതു പോലെ ഇറങ്ങുമ്പോൾ അത് ഓഫ് ചെയ്യാനുള്ള ശ്രദ്ധ, അതുപോലെ ചൂടായ പാത്രത്തെ തുണി കൂട്ടി പിടിച്ച് എടുക്കണമെന്നതും ശ്രദ്ധയുടെ ഒരു ഭാഗമാണ്. മുറ്റത്തെ ഉണങ്ങിയ ഇലകൾ അടിച്ചു കൂട്ടി തീ വെയ്ക്കുമ്പോൾ മതിലിനപ്പുറത്തുള്ള വീട്ടിൽ അരുമയോടെ വളർത്തുന്ന മരച്ചില്ലകളി

# ക്ഷമാശീലം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

സദ്ഗുണങ്ങളുടെ പട്ടികയിൽ വളരെ മുൻപ് തന്നെ സ്ഥാനം പിടിക്കുന്ന ഒരു ഗുണമാണ് ക്ഷമ. ക്ഷമിക്കുക എന്നാൽ സന്തോഷത്തോടെ സഹിക്കുക. അതായത് സഹനം എന്ന മറ്റൊരു ഗുണവുമായി കോർക്കപ്പെട്ടിരിക്കുന്നു. ക്ഷമയും സഹനതയും ഒപ്പം മനക്കരുത്തും വേണം ഇതിന്. മേൽ പറഞ്ഞവയുടെ അഭാവം ക്ഷമാശീലത്തെ വളർത്തുന്നതിനേക്കാൾ തളർത്തുന്നു. നിസ്സാര തെറ്റുപോലും ക്ഷമിക്കാതെ അതൊരു സംഭവമാക്കുന്നവരുടെ കഴിവുകേട് ഈ ക്ഷമാശീലത്തിന്റെ അഭാവം തന്നെയാണ്. യേശുക്രിസ്തു കുരിശ്ശിൽകിടന്ന് പ്രാണൻ പിടയുമ്പോഴും പറഞ്ഞതെന്താണ് പിതാവെ ഇവർ ചെയ്യുന്നതെന്താണെന്ന് ഇവരറിയുന്നില്ല ഇവരോട് ക്ഷമിക്കണമെ".. അത്ര ഉദാത്തമായ മനസ്സിന്റെ ഭാവം– ലോകം അനുകരിക്കേണ്ട ഭാവം – ക്ഷമാശീലത്തിന്റെ മകുടോദാഹരണം. ചെറിയ തെറ്റുകളെ പോലും ക്ഷമിക്കാനുള്ള സന്മനസ്സില്ലാത്തവർക്ക് ഇതിന്റെ ഗഹനത അറിയാൻ സാധിക്കില്ല.

ലേയ്ക്ക് തീ പടരുമോ എന്ന് ആലോചിക്കേണ്ട ശ്രദ്ധ. ഇങ്ങനെ ഒരു തീ നാളം ആടിയുലഞ്ഞു കൊണ്ടിരിക്കുന്നു അതിനെ കെടാതെ നാം നില നിർത്തുന്നതു പോലെ നമ്മിൽ ഉണ്ടാകേണ്ട ശ്രദ്ധയെ നാം അണയാതെ നില നിർത്തണം.

മനുഷ്യൻ പരസ്പരം പാലിക്കേണ്ട ഒന്നാണ് ശ്രദ്ധ. അതു പോലെ മനുഷ്യൻ തമ്മിൽ തമ്മിൽ മാത്രമല്ല മറ്റെല്ലാ ജീവ ജാലങ്ങളോടും തന്റെ തന്നെ ഭാഗമായ പ്രകൃതിയോടും ശ്രദ്ധ പാലിക്കേണ്ടതാണ്. അതാണ് സർവ്വ ചരാചരങ്ങളുടെയും പ്രകൃതിദത്തമായ കാഴ്ച. വ്യക്തിയുടെയോ വിചാരത്തിന്റെയോ അല്ലാതെ മനുഷ്യൻ മറ്റൊന്നിനോട് ജാഗ്രത പാലിക്കേണ്ട ശ്രദ്ധയാണ് ഏറ്റവും വേണ്ടത്. അവനവനിലേയ്ക്ക് മാത്രം നോക്കുന്ന സ്വാർത്ഥത മറ്റുള്ളവർ പാലിക്കേണ്ട ശ്രദ്ധയെക്കുറിച്ചുണ്ടാവണമെന്നില്ല. വ്യക്തി ബന്ധങ്ങളിൽ കരുണയോടെയുള്ള ശ്രദ്ധ പാലിക്കപ്പെടുമ്പോൾ ആ ബന്ധത്തിന്റെ സൗന്ദര്യവും ഇഴയെടുപ്പും കൂടുന്നു. സമൂഹത്തിൽ ഇടപെടുമ്പോൾ എല്ലാവരും അവരവരുടെതായ രീതിയിൽ സമചിത്തത പാലിക്കുകയാണെങ്കിൽ സാമൂഹിക വ്യവസ്ഥിതിയിൽ ഇന്നു കാണുന്ന ജീർണ്ണാവസ്ഥ ഉണ്ടാകുമായിരുന്നില്ല. അവിടെ സ്വാർത്ഥത ലങ്കിക്കപ്പെടുകയില്ല. ലാഭ–നഷ്ട കണക്കുകൾ ഇത്ര മാത്രം ഗണിക്കപ്പെടുമായിരുന്നില്ല. മറ്റു ജീവജാലങ്ങളെ നാം ആട്ടി ഓടിക്കുമായിരുന്നില്ല. പ്രകൃതിയെ കൈയ്യടക്കുമായിരുന്നില്ല. പ്രകൃതിയെ മാത്രമല്ല മനസ്സിനെ പോലും നാം ഇത്രമാത്രം മലിനപ്പെടുത്തുമായിരുന്നില്ല. ശ്രദ്ധയുണ്ടാവലാണ് സംസ്ക്കാരം. ഈ കൈയ്യടക്കലും മലിനപ്പെടുത്തലും മറ്റൊന്നിനോട് മനുഷ്യൻ ചെയ്തു കൊണ്ടിരിക്കുമ്പോൾ സ്വയം തന്നോട് തന്നെയാണ് അശ്രദ്ധമാകുന്നത് എന്ന് അവനറിയാതെ പോകുന്നു. തനിക്ക് കിട്ടേണ്ടത് താൻ കൊടുക്കേണ്ടതായി വരുന്നു. സ്വാർത്ഥനായ മനുഷ്യൻ. നാം ചിന്തിക്കാറില്ല, തന്റെ ചലനത്തിൽ അരികിലുള്ള സ്ഫടികം ഉടയരുത് എന്ന സാമാന്യം പാലിക്കേണ്ട ശ്രദ്ധ പോലും മനുഷ്യൻ കാണിക്കുന്നില്ല എന്നത് ഏറെ ദുഖകരമായ കാര്യമാണ്. സഹജീവികളോടൊത്ത് ജീവിക്കുന്ന മനുഷ്യൻ തന്റെ പ്രവൃത്തികൾ മറ്റുള്ളവരെ എങ്ങനെ ബാധിക്കുന്നുവെന്ന് ചിന്തിക്കേണ്ടതുണ്ട്. തന്റെ ശരി–തെറ്റുകൾ, നന്മ–തിന്മകൾ, എല്ലാം എപ്പോഴും മറ്റുള്ളവരാൽ മൂല്യ നിർണ്ണയം ചെയ്യപ്പെട്ടുകൊണ്ടേയിരിക്കുന്നുണ്ട്. നമ്മുടെ പ്രവൃത്തികൾ അപരന്റെ നല്ലതിനാകുന്നുവെങ്കിൽ അതാണ് ധാർമ്മികത. അതിനു വേണ്ടി നാം ഓരോരുത്തരും നമ്മുടെ ഉള്ളിൽ ജാഗ്രതയോടെ പരിപാലിക്കേണ്ട ഉണർവ്വാണ് ശ്രദ്ധ.



# ജ്യോതിഷവും ദോഷപരിഹാരങ്ങളും-5

ബി. കെ. അനിൽ, തിരുവനന്തപുരം

"വിൽ യൂ മാരീ മീ"– ഫേസ്ബുക്കിലൂടെ ഇങ്ങനെ തുറന്ന് അന്യോന്യം ചോദിക്കുവാനുള്ള ആഗ്രഹവും ധൈര്യവും ഉള്ള യുവതീ-യുവാക്കൾ ഇന്ന് വിരളമല്ല. പരസ്പരം പരിചയപ്പെട്ട് വിവാഹം കഴിക്കുന്നതാണ് നല്ലതെന്ന് ഈ യുവതീ–യുവാക്കൾ വാദിക്കുകയും ചെയ്യുന്നു. ജീവിതത്തെക്കുറിച്ചുള്ള കാഴ്ചാടിലുള്ള വൈകല്യമോ അജ്ഞതയോ ആണോ ഇങ്ങനെ പ്രതികരിക്കുന്നതിന് പ്രചോദനമാകുന്നത് എന്ന് മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് നന്നായിരിക്കും. മാതാ–പിതാക്കളാകട്ടെ, കുട്ടികൾക്ക് വിവാഹപ്രായം ആകുമ്പോൾ, തങ്ങളുടെ സന്താനത്തിന് അനുയോജ്യ വധുവിനെയോ വരനെയോ കണ്ടെത്തുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെടുന്നു. വിവാഹസംബന്ധമായി അനുയോജ്യമായ ഒരു ബന്ധത്തിനുള്ള സാഹചര്യം വരുമ്പോൾ ആ ബന്ധം അനുയോജ്യമാണോ എന്ന് നോക്കുന്നതിനും, അറിയുന്നതിനും, അഭിപ്രായം ആരായുന്നതിനും ജ്യോത്സ്യനെ സമീപിക്കുന്നവരുടെ സംഖ്യ അനവധിയാണ്. "ഈ ജാതകങ്ങൾ തമ്മിൽ ചേർക്കാൻ കൊള്ളാമോ" എന്ന് മാതാ–പിതാക്കൾ ജ്യോത്സ്യനോട് ചോദിക്കുമ്പോൾ അദ്ദേഹം ചില കണക്കുകൂട്ടലുകൾ നടത്തുന്നു. എത്ര പൊരുത്തങ്ങളും പൊരുത്തക്കേടുകളും ഉണ്ടെന്ന് വിലയിരുത്തുന്നു. പിന്നെ തന്റെ നിഗമനം അറിയിക്കുന്നു. അതിനെ വിശ്വാസയോഗ്യമായി സ്വീകരിക്കുകയും, അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ ജ്യോതിഷത്തിലും ചില "ലൂപ്പ്ഹോൾസ് " കടന്നുകൂടിയിട്ടുണ്ട്.

ചില ചേർക്കാൻ കഴിയാത്ത ജാതകങ്ങളെ ഈ "ലൂപ്പ് ഹോളുകൾ" ഉപയോഗിച്ച് ചേർത്തുകൊടുക്കുന്നവരും ഇന്ന് വിരളമല്ല. എന്നാൽ ഇതൊന്നും നോക്കാതെയും മുന്നോട്ട് പോകുന്നവരുണ്ട്. ഏതായാലും വിവാഹം എന്ന് പറയുമ്പോൾ ഇന്നത്തെ തലമുറയുടെ കാഴ്ചപ്പാടല്ല ഭാരതീയ സംസ്കാരത്തിന്റേത് എന്നതാണ് വാസ്തവം. വിവാഹബന്ധം പവിത്രവും ദിവ്യവുമായ ബന്ധമാണെന്നും, വിവാഹത്തിലൂടെ പതിയും പത്നിയുമാകുമ്പോൾ, ധർമ്മാചരണത്തിനായി ഒന്നിച്ച് പ്രവർത്തിക്കുന്ന സഹധർമ്മചാരി(പതി)യും സഹധർമ്മചാരിണി(പത്നി)യുമായി മാറുകയാണവർ എന്നതുമാത്രമല്ല, വിവാഹം പൂർവ്വജന്മകർമ്മാനുബന്ധിയാണ് എന്നതുമാണ് ഭാരതീയ ചിന്താഗതി. ധർമ്മം ആചരിക്കണമെങ്കിൽ മനുഷ്യന്റെ വാസ്തവിക ധർമ്മം എന്താണ് എന്ന് അറിയേണ്ടതുണ്ട്. മനുഷ്യനിലെ വൈശിഷ്ട്യം ഏത് മൂല്യത്തിന്റെ ആധാരത്തിലാണോ ഉണ്ടായിരിക്കുന്നത്, അതിനെയാണ് മനുഷ്യന്റെ വാസ്തവിക ധർമ്മം എന്ന് പറയുന്നത്. ആ മൂല്യം നിലനിർത്തുന്നതിനുള്ള പരസ്പര പങ്കാളിത്തമാണ് വിവാഹബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്. കാലം മാറിയപ്പോൾ ഇതെല്ലാം ''പഴഞ്ചൻ'' സിദ്ധാന്തങ്ങളായി. ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറി വിഷയസുഖങ്ങൾ അനുഭവിക്കുന്നതായി ജീവിതത്തിന്റെ പരമലക്ഷ്യം.

വിവാഹവിഷയത്തിൽ ജ്യോതിഷത്തിൽ പരിശോധിക്കുന്നത് "പൊരുത്തം" ആണ്. പൊരുത്തം എന്ന വാക്കിന്റെ അർത്ഥം യോജിപ്പ് എന്നാണ്. മേലാപകം എന്ന ജ്യോതിഷശാഖയാണ് ഇതിന് ആധാരം. യോജിപ്പ് എന്നത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഒരാൾക്ക് പൊരുത്തപ്പെടാൻ കഴിയാത്ത സാഹചര്യങ്ങളാകട്ടെ, വ്യക്തികളാകട്ടെ, ആശയങ്ങളാകട്ടെ, പദവിയാകട്ടെ, പ്രസ്ഥാനങ്ങളാകട്ടെ, ജീവതവുമായി ബന്ധപ്പെട്ട എന്തുമാകട്ടെ, തനിക്ക് അത് ഹിതകരമല്ലെന്നും ഹാനികരമാണെന്നും തോന്നുമ്പോൾ അതിൽ നിന്നും മനസ്സ് വിരക്തമാകും, അതിനെയെല്ലാം ഒഴിവാക്കാൻ ശ്രമിക്കുകയും ചെയ്യും. വ്യക്തിബന്ധങ്ങളുടെ കാര്യം നോക്കുകയാണെങ്കിൽ, ചിലർ തമ്മിൽ ചിലർ തമ്മിൽ യോജിക്കുന്നില്ല. സമാനചിന്താഗതിയും സ്വഭാവ-സംസ്കാരങ്ങളും ഉള്ളവർ യോജിച്ച് പോകും എന്ന് പൊതുവേ പറയാവുന്നതാണ്. ജാതകപ്പൊരുത്തം നോക്കുന്നത് എന്തിന് എന്ന് ചോദിക്കുകയാണെകിൽ, വ്യക്തികൾ തമ്മിൽ യോജിക്കുന്ന രീതികൾ പരസ്പരം ഉണ്ടോ എന്നതിന്റെ സൂചനകൾ ജാതകം തരുന്നതിനെ വേണമെങ്കിൽ ഉപയോഗപ്പെടുത്താം എന്നതാണ് അതിനുത്തരം. ഒരു വ്യക്തിയുടെ ആരോഗ്യസ്ഥിതി, സാമ്പത്തിക സ്ഥിതി, ഭാഗ്യസ്ഥിതി, പരസ്പരധാരണ, സ്വഭാവം, കലഹ-ക്ലേശാനുഭവങ്ങളുടെ സാധ്യതകൾ, ഇങ്ങനെ ജീവിതവുമായി ബന്ധപ്പെട്ട അനവധി കാര്യങ്ങളിലേയ്ക്ക് ജാതകം വെളിച്ചം വീശുന്നതിനാൽ വിവാഹകാര്യത്തിൽ ഇവയുടെ വിശകലനം അഭികാമ്യമാണെന്ന് ജ്യോതിഷം പറയുന്നു. വിവാഹപ്പൊരുത്തവും ചിലപ്പോൾ ശരിയാകാതെ വരുന്നുണ്ടല്ലോ എന്ന് ചിലർ ചോദിക്കാറുണ്ട്. വിവാഹകാര്യത്തിൽ പലപ്പോഴും നക്ഷത്രപ്പൊരുത്തവും പാപസാമ്യവും നോക്കുന്നതിൽ മാത്രം പലരും പരിമിതമാക്കുന്നു. ജാതകത്തിൽ നിന്നും മാത്രം മനസ്സിലാക്കിയെടുക്കേണ്ട കാര്യങ്ങൾ വിശകലനം ചെയ്യാതെ വരുമ്പോഴാണ് ഇത്തരത്തിൽ സംഭവിക്കുന്നത് എന്ന കാര്യം വിസ്മരിക്കാതിരിക്കണം. അത് ശരിയായ രീതിയിൽ വിശകലനം ചെയ്യപ്പെട്ടോ എന്നതും നോക്കേണ്ടി വരും. അടിസ്ഥാനപരമായി വൈരുദ്ധ്യമുള്ള പല കാര്യങ്ങളും ഇതിൽ ചേർക്കപ്പെട്ടു എന്ന് ജ്യോതിഷപണ്ഡിതന്മാർതന്നെ അംഗീകരിക്കുന്ന കാര്യമാണ്. എന്നാൽ അതുമാത്രമല്ല, അന്ധവിശ്വാസങ്ങളാൽ ഇത് സങ്കീർണ്ണമാക്കപ്പെടുകയും ചെയ്തു. ഈ കാര്യങ്ങളിൽ നിന്നും സംശുദ്ധ ജ്യോതിഷത്തെ തെളിച്ചെടുക്കാൻ കഴിവുള്ളവർ വേണം. എങ്കിൽ ഇത് അത്യധികം ഉപയോഗപ്രദമായ ഒരു ശാസ്ത്രമായി നിലനിൽക്കും. അല്ലാതെ അന്ധവിശ്വാസങ്ങൾ കൂട്ടിക്കുഴച്ചും, നിസ്സാരവും ഇല്ലാത്തതുമായ കാര്യങ്ങളെ ഊതിപ്പെരുപ്പിച്ചും ജനങ്ങളെ ഭയപ്പെടുത്തിയും ഇതിനെ ദുരുപയോഗം ചെയ്യുന്ന രീതി ആരെങ്കിലും അവലംബിക്കുന്നുവെങ്കിൽ അത് ഈ മനോഹരമായ ശാസ്ത്രത്തിന്റെ നാശത്തിന് കാരണമായേക്കാം.



# പരിണാമസിദ്ധാന്തം

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

മാനവരാശിയുടെ ബൗദ്ധികതലത്തെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരു സിദ്ധാന്തവും ലോകത്ത് അധികമുണ്ടായിട്ടില്ല. ഇപ്പോഴും ശാസ്ത്രലോകത്തിന് കിട്ടിയ അമൂല്യ സംഭാവന തന്നെയാണ് പരിണാമസിദ്ധാന്തം. ജീവജാലങ്ങളുടെ ഉൽപ്പത്തിയും, വളർച്ചയും അതിനിടയിൽ സംഭവിക്കുന്ന മാറ്റങ്ങളും ക്രമാനുക്രമമായും, സൂക്ഷ്മമായും നിരീക്ഷിച്ച് മനസ്സിലാക്കുന്നു ഡാർവിൻ. തന്റെ നിരീക്ഷണപാടവത്തിന്റെ മികവുകൊണ്ട് അതൊരു പൂർണ്ണശാസ്ത്രമായി മാറിയെന്നതാണ് ശ്രദ്ധേയമായകാര്യം. എവിടെയും അപാകതകളില്ലാതെ പരീക്ഷണവിധേയമാക്കാൻ പര്യാപ്തവുമാണത്. എന്നിരുന്നാലും ചില ബാലിശമായ സംശയങ്ങളാണ് എന്നെ ഇതെഴുതാൻ പ്രേരിപ്പിക്കുന്നത്. ഒന്നാമതായി ഈ പരിണാമത്തിനു വിധേയമാകുന്ന ജീവജാലങ്ങൾ അന്നും ഇന്നും ഒരേപോലെ നിലനിൽക്കുന്നുണ്ട്. അത് മനുഷ്യൻ വരെ എത്തിനിൽക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിനുമപ്പുറമൊരു ജീവിയിലേക്ക് മനുഷ്യൻ എത്തിയതായ പഠനങ്ങളൊന്നുമില്ല. (ഒരുപക്ഷേ അതിന് കോടിക്കണക്കിന് വർഷങ്ങൾ വേണ്ടിവരും എന്ന അനുമാനമായിരിക്കാം.) മൂന്നാമതായി അമീബ, ബാക്ടീരിയ മുതലായ ഏകകോശജീവികൾ, ബഹുകോശജീവികളായി പരിണമിച്ച് മനുഷ്യൻ വരെ എത്തിനിൽക്കുന്നതാണല്ലോ പരിണാമസിദ്ധാന്തം. അങ്ങനെയാണെങ്കിൽ അമീബയെക്കാളും ബാക്ടീരിയയേക്കാളും അതിസൂക്ഷ്മജീവികളും വേറെയുമുണ്ടല്ലോ? ഉദാഹരണം "വൈറസുകൾ". ഈ വൈറസുകൾ ഒരു പരിപൂർണ്ണ ജീവി എന്നുപറയാനാകില്ലെങ്കിലും ഉൽപ്പാദനക്ഷമതയുള്ള ജീവിയാണ്. മൾട്ടിപ്ലിക്കേഷൻ സംഭവിച്ച് അനേകം വൈറസുകളെ ജനിപ്പിക്കുന്നുമുണ്ട്. അങ്ങനെ വരുമ്പോൾ ഈ വൈറസുകളിൽ നിന്നും കൂടി വേണം പരിണാമം ആരംഭിക്കേണ്ടത്. എന്നാൽ ഒരു വൈറസിനും അന്തരീക്ഷത്തിലെ ഒരു അധികരിച്ച താപനിലയിലും നിലനിൽക്കാനാവുന്നില്ല. നശിച്ചുപോവുകയാണ് ചെയ്യുന്നത്. അതൊരു പൂർണ്ണജീവിയിൽ മാത്രമേ നിലനിൽക്കുന്നുള്ളൂ. വംശവർദ്ധനവും പൂർണ്ണജീവിയിൽ വച്ചാണ് സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ വൈറസുകൾ മുതലായ സൂക്ഷ്മജീവികൾക്ക് നിലനിൽക്കാൻ ഒരു പൂർണ്ണജീവി സൃഷ്ടിയിൽ ആദ്യമേ ഉണ്ടായിരിക്കണമെന്ന് സാരം. അപ്പോൾ ആ പൂർണ്ണ ജീവി എങ്ങനെയുണ്ടായി. ഏതു പരിണാമത്തിൽ നിന്നുണ്ടായി. പരിണാമത്തിന് തുടക്കം കുറിക്കുമ്പോൾ തന്നെ അതൊരു പൂർണ്ണ ജീവിയിൽ നിന്നും തുടങ്ങുന്നുവെന്നത് എത്ര ആശ്ചര്യജനകമാണ്. ഇവിടെയാണ് മനുഷ്യരാശിയുടെ ഗതിയെത്തന്നെ മാറ്റിമറിച്ച ഈ സിദ്ധാന്തം പുനഃപരിശോധിക്കേണ്ടതായി വരുന്നത്. മറിച്ച് പ്രാപഞ്ചിക രഹസ്യത്തിന്റെ പൊരുൾ എങ്ങനെയാണ് നമ്മേ നയിച്ചുകൊണ്ടിരിക്കുന്നതെന്ന് തിരിച്ചറിയേണ്ടതും.

(ഈ ലേഖനം ജഗദീഷ്ചന്ദർ ഹസീജയുടെ എറ്റേണൽ വേൾഡ് ഡ്രാമാ വീൽ എന്ന പുസ്തകത്തോടു കടപ്പെട്ടിരിക്കുന്നു)

# സന്തുഷ്ടത

ബി.കെ ജഗദീഷ്ചന്ദർ

സന്തുഷ്ടതയാകുന്ന ഗുണത്തെ മാത്രമായി ധാരണ ചെയ്യുവാൻ കഴിയില്ല. ഇച്ഛകൾ സമാപ്തമാക്കണമെങ്കിൽ ത്യാഗത്തിന്റെയും വിരക്തിയുടെയും ഗുണം ധാരണ ചെയ്യേണ്ടത് ആവശ്യമാണ്. പല രീതിയിലുള്ള ആൾക്കാർക്കിടയിൽ, പല സംസ്കാരങ്ങളും വിചാരങ്ങളുമുള്ളവരുടെ ഇടയിൽ കഴിയുന്നതിന് സഹനശീലം, വിനയം, സഹയോഗം, സ്നേഹം, മാധുര്യം തുടങ്ങിയ ഗുണങ്ങൾ വേണം. ആപത്ഘട്ടങ്ങൾ തരണം ചെയ്യുന്നതിന് ആത്മവിശ്വാസം, ഈശ്വരീയ നിശ്ചയം, ധൈര്യം എന്നിവ ധാരണ ചെയ്യേണ്ടത് ആവശ്യമാണ്. ഈ ഗുണങ്ങൾ ധാരണ ചെയ്യാതെ സന്തുഷ്ടി ധാരണ ചെയ്യുവാൻ കഴിയില്ല. സന്തുഷ്ടി ഒരു കിരീടമായി ഉപമിക്കുന്നത് അതുകൊണ്ടാണ്. അത് നേടണമെങ്കിൽ പ്രജകളെ ജയിക്കേണ്ടത് ആവശ്യമാണ് .കർമ്മേന്ദ്രിയങ്ങളെ വശത്താക്കാതെ മനസ്സിലെ വ്യർത്ഥ ചിന്തകൾ മായ്ക്കാതെ സന്തുഷ്ടി എങ്ങനെ വരും? വിനയം, മാധുര്യം, ത്യാഗം, സേവനം , സഹയോഗം എന്നിവയില്ലാതെ മറ്റുള്ളവരെ എങ്ങനെ സന്തുഷ്ടമാക്കുവാൻ കഴിയും? മറ്റുള്ളവരെ സേവനവും സ്നേഹവും കൊണ്ട് സന്തുഷ്ടമാക്കാതെ പ്രഭുപ്രിയരാകുന്നത് എങ്ങനെ? പ്രഭുപ്രിയരും ലോകപ്രിയരുമാകാതെ സ്വയംപ്രിയർ അതായത് സ്വയം സന്തുഷ്ടമാകാൻ കഴിയുമോ? സന്തുഷ്ടമാകുന്നതും സന്തുഷ്ടമാക്കുന്നതും വിശ്വത്തിന്റെ ചക്രവർത്തിപദം ലഭിക്കുന്നതിന് തുല്യമാണ്. അതിനുവേണ്ടി തന്റെമേൽ പൂർണ്ണ നിയന്ത്രണം പ്രാപ്തമാക്കേണ്ടത് ആവശ്യമാണ്.




കരുനാഗപള്ളി, ബ്രഹ്മാകുമാരീസിന്റെ ആഭിമുഖ്യത്തിൽ നടന്ന ജ്യോതിർ ലിംഗ മഹോത്സവത്തോടനുബന്ധിച്ച് നടന്ന അഷ്ടദേവീ ദർശനം



കരുനാഗപ്പള്ളി ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ജ്യോതിർ ലിംഗ മഹോത്സവത്തിന്റെ ഉദ്ഘാടനം നടന്നു



കരുനാഗപ്പള്ളി ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയത്തിൽ ശിവജയന്തി മഹോത്സവത്തോടനുബന്ധിച്ച് ശ്രീമതി. രതിദേവി കൗൺസിലർ പതാക ഉയർത്തുന്നു